കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/803/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in


തീയതി: 06.10.2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/803/2020 തീയതി: 06.10.2020

# തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.11.18 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വേളയിൽ തന്നെ അവതരിപ്പിക്കുകയും ലഭിച്ച മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ 22.07.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അനിഷ.എസ്.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജു.എസ്, ഓഡിറ്റർ |
| | ശ്രീമതി പ്രിയദർശിനി, ഓഡിറ്റർ |
| | കുമാരി ആര്യ കൃഷ്ണൻ, ഓഡിറ്റർ |

| | |
|---|---|
| | |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മല്ലികാ വിജയൻ | 01.04.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | കുമാരി വിമലാംബികാദേവി. പി. | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ. പ്രേം നിർമ്മൽ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.08.2018 മുതൽ 7.8.2018 വരെ |
| | ശ്രീ. ചന്ദ്രബാബു.എസ്.എസ്. | 8.8.2018 മുതൽ 6.10.2018 വരെ |
| | ശ്രീ. പ്രേം നിർമ്മൽ (സെക്രട്ടറി ഇൻ ചാർജ്ജ്) | 07.10.2018 മുതൽ 22.11.2018 വരെ |
| | ശ്രീ. മുരളീധരൻ പിള്ള. വി. (സെക്രട്ടറി ഇൻ ചാർജ്ജ്) | 23.11.2018 മുതൽ 18.12.2018 വരെ |
| | ശ്രീമതി മൃദുല.എസ്. (സെക്രട്ടറി ഇൻ ചാർജ്ജ്) | 19.12.2018 മുതൽ 17.1.2019 വരെ |
| | ശ്രീ. മുരളീധരൻപിള്ള വി. (സെക്രട്ടറി ഇൻ ചാർജ്ജ്) | 18.01.2019 മുതൽ 05.02.2019 വരെ |
| | ശ്രീ.സുരേഷ്. കെ.വി. | 6.2.2019 മുതൽ 31.3.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രമേശ് കുമാർ.പി | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | ഡോ. ഏവിസ് ഫിലിപ്പ് | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.വീണ നായർ | 1.4.2018 മുതൽ 30.4.2018 വരെ |
| | ഡോ.അശ്വതി | 1.5.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സന്തോഷ് കുമാർ | 01.04.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പ്രിയങ്ക | 1.4.2018 മുതൽ 4.5.2018 വരെ |
| | ശ്രീമതി ദീപ | 5.5.2018 മുതൽ 19.6.2018 വരെ |
| | ശ്രീ.സൂരജ്.സി.ജെ | 20.6.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീമതി ശ്രീദേവി. ഐ. | 01.04.18 മുതൽ 31.03.19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | ശ്രീമതി ജീന. എ. | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജയശ്രീ | 01.04.18 മുതൽ 31.03.19വരെ |
| വെറ്റിനറി സർജൻ | ഡോ. സേതുമാധവൻ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മീനാകുമാരി | 01.04.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രേം നിർമ്മൽ | 1.4.2018 മുതൽ 5.12.2018 വരെ |
| | | |

| | ശ്രീമതി മൃദുല. എസ്. | 6.12.2018 മുതൽ 31.3.2019 വരെ |
|---|---|---|

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 12 | വസ്തുനികുതി കണക്കാക്കിയതിലെ അപാകത | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | വാടക വരവ്- രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 15 | ആംബുലൻസ് വരവ് സംബന്ധിച്ച അപാകതകൾ | 1-15 |
| 16 | പഞ്ചായത്ത് വക ലൈബ്രറി പ്രവർത്തനരഹിതം- നടപടികൾ ത്വരിതപ്പെടുത്തണം | 1-16 |
| 17 | FATEOS ലൈസൻസ് നൽകുന്നതിൽ അപാകതകൾ | 1-17 |
| 18 | പൂങ്കോട് നീന്തൽകുളം - വരവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-18 |
| 19 | തെരുവുനായ ആക്രമണം – നഷ്ടപരിഹാരം യഥാസമയം നൽകിയില്ല- പലിശയിനത്തിൽ 5,872/- രൂപ അധികചെലവ് | 1-19 |
| 20 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- വാങ്ങിയ ട്യൂബ് സെറ്റുകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-20 |
| 21 | എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങുന്നതിന് മുൻപ് സൂപ്പർവിഷൻ ചാർജ്ജ് നൽകി | 1-21 |
| 22 | നീന്തൽ പരിശീലനകുളം- തുടർ പരിപാലനം -പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ നടപ്പിലാക്കേണ്ടതാണ് | 1-22 |

| | | |
|---|---|---|
| 23 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നവ ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | അംഗൻവാടി ഭൂമി വാങ്ങൽ- ഭൂമിയുടെ പട്ടയം പഞ്ചായത്തിന്റെ പേരിലാക്കിയിട്ടില്ല. നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 25 | ടാർ പർച്ചെയ്സ്-പഞ്ചായത്തിന് ലഭിക്കേണ്ട വരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-25 |
| 26 | കരാർ നിയമനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-26 |
| 27 | കാർഷിക മേഖലയിലെ പദ്ധതികളുടെ അപാകതകൾ | 1-27 |
| 28 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികളുടെ അപാകതകൾ. | 1-28 |
| 29 | പമ്മം തലയിക്കൽ റോഡ് സംരക്ഷണവും കോൺക്രീറ്റും- ജി.എസ്.ടി.-റ്റി.ഡി.എസ്. ഈടാക്കിയതിൽ കുറവ് | 1-29 |
| 30 | അംഗനവാടി പോഷകാഹാരം- അമൃതം ന്യൂട്രിമിക്സിന്റെ വിലനൽകൽ- ജി.എസ്.ടി. നൽകിയതിൽ അപാകത | 1-30 |
| 31 | സർക്കാർ സ്കൂളുകൾക്ക് ലാപ്ടോപ്പ് വാങ്ങൽ- പ്രൊക്യയർമെന്റ് കമ്മിറ്റി തീരുമാനിച്ചിട്ടില്ല | 1-31 |
| 32 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- പ്രോജക്ട് അപാകതകൾ | 1-32 |
| 33 | പകൽവീട്- ഓണറേറിയം അധികനിരക്കിൽ നൽകി | 1-33 |
| 34 | ലൈഫ് ഭവനപദ്ധതി-- രേഖകളുടെ അഭാവത്തിൽ തുക നൽകി. | 1-34 |
| 35 | ആരോഗ്യ മേഖലയിലെ പദ്ധതികൾ--രേഖകൾ പൂർണമായി ഹാജരാക്കിയില്ല-ചെലവ് തുക 2852074/-രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 36 | കുടുബാരോഗ്യകേന്ദ്രം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ- അപാകതകൾ | 1-36 |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1-37 |
| 38 | കഴിഞ്ഞവർഷങ്ങളിലെ ഓഡിറ്റ് പരാമർശം - വരുമാനം പഞ്ചായത്ത് അക്കൗണ്ടിലെത്തി | 1-38 |
| | ഭാഗം 2<br>വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 39 | തെരുവുനായ ആക്രമണം നഷ്ടപരിഹാരം യഥാസമയം | 3-1 |

| | | |
|---|---|---|
| | നൽകിയില്ല- പലിശയിനത്തിൽ 5,872/- രൂപ അധികചെലവ് | |
| | ഭാഗം-4<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ | 4-1 |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 48 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-11 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.3.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 31,28,22,213/- രൂപ വരവും 29,86,79,000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 24,05,78,669/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 22,05,80,295/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4207707.00 |
| വരവ് | 236370962.00 |
| ആകെ | 240578669.00 |
| ചെലവ് | 220580295.00 |
| നീക്കിയിരിപ്പ് | 19998374.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 34684746 | 34684746 | 34684746 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 15233450 | 15233450 | 15233450 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 33881018 | 33881018 | 33881018 | 0 |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | 0 | 6235896 | 6235896 | 6235896 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | -271737 | 39706940 | 39435203 | 31302162 | 8133041 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14011951 | 14011951 | 14011951 | 0 |
| MNREGS | 259107 | 884780 | 1143887 | 1130093 | 13794 |
| ബി ഫണ്ട് | 0 | 1172830 | 1172830 | 1172830 | 0 |
| ട്രഷറി- TSB | 1192391 | 1435997 | 2628388 | 0 | 2628388 |
| SBI E- പേമെന്റ് | 30977 | 77140750 | 77171727 | 76880649 | 291078 |
| പള്ളിച്ചൽ ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് | 585161 | 1291987 | 1877148 | 1619955 | 257193 |

| | | | | | |
|---|---|---|---|---|---|
| പള്ളിച്ചൽ ഫാർമേഴ്സ് ബാങ്ക് (ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്) | 47822 | 111057 | 158879 | 156500 | 2379 |
| പള്ളിച്ചൽ ഫാർമേഴ്സ് ബാങ്ക് (E Literacy Fund) | 2813 | 103 | 2916 | 0 | 2916 |
| തനത് ഫണ്ട്- എസ്.ബി.ഐ | 1876973 | 10437665 | 12314638 | 4062716 | 8251922 |
| എസ്.ബി.ഐ പ്രാവച്ചമ്പലം | 266983 | 9467 | 276450 | 0 | 276450 |
| സിൻഡിക്കേറ്റ് ബാങ്ക് (SSA) | 8888 | 315 | 9203 | 0 | 9203 |
| ക്യാഷ് | 208329 | 132010 | 340339 | 208329 | 132010 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 291 | 339188919 | 220 | 194160587 | -- | 71 | 76 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 259107 | 884780 | 1143887 | 1130093 | 13794 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43027000 | 43027000 | 43027000 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 9,47,400/- | 631 |
| ~~കർഷക തൊഴിലാളി പെൻഷൻ~~ | ~~59,16,400/-~~ | ~~720~~ |
| വിധവാ പെൻഷൻ | 2,64,58,700/- | 2414 |
| വാർദ്ധക്യകാല പെൻഷൻ | 4,76,19,000/- | 5069 |
| വികലാംഗ പെൻഷൻ | 70,63,800/- | 663 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,80,000/- | 6 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 7,40,400/- | 63 |

വിധവാപെൻഷൻ ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.7.2020 ഉച്ചയ്ക്ക് 2.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,993/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ധനകാര്യ വികേന്ദ്രീകരണത്തിൽ കേരളം പിൻതുടരുന്നത് അംഗീകൃത തത്വങ്ങളാണ്. സ്വന്തം വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നിയമപ്രാബല്യമുള്ള ഒരു ചട്ടകൂട് നമുക്കുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവ കൂടാതെ രജിസ്ട്രേഷൻ ഫീ, ലൈസൻസ് ഫീ, ഗേറ്റ് ഫീ എന്നിങ്ങനെയുള്ള നികുതിയേതര വരുമാനമാർഗങ്ങൾ പഞ്ചായത്തിനു മുന്നിലുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളുടെ ഗുണനിലവാരം തദ്ദേശീയമായ ധനസമാഹരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. സർക്കാരിൽ നിന്നും പദ്ധതി തുക കൃത്യമായും ലഭിക്കുന്ന പ്രക്രിയ സ്വന്തം ധനാഗമമാർഗങ്ങൾ കണ്ടെത്താനും സമ്പദ്സ്ഥിതി മെച്ചപ്പെടുത്താനും പലപ്പോഴും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോത്സാഹനമാകുന്നില്ല എന്ന അഭിപ്രായത്തിനുദാഹരണമായാണ് പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് വർത്തിക്കുന്നത്. മൊബൈൽടവറുകളിൽ നിന്നുള്ള വരുമാനത്തിലെ ചോർച്ച, തൊഴിൽനികുതി, സ്ഥാപനനികുതി ഈടാക്കുന്നതിലെ കുറവ് തുടങ്ങിയ വരുമാനചോർച്ചകൾ ചൂണ്ടികാണിക്കുന്ന ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുണ്ട്. 26-02-2016-ലെ Go(p)28/2016/finപ്രകാരം കരാർ/ദിവസവേതന ജീവനക്കാരുടെ നിയമനം കഴിയുന്നത്ര ഒഴിവാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കീഴിൽ അംഗീകൃത തസ്തികൾക്കുപുറമേ കരാർ നിയമനങ്ങൾ ഭരണസമിതി നടത്തിയിട്ടുണ്ട്. ആകെ 58 തസ്തികളിലാണ് ഇങ്ങനെ കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളത് (ഖണ്ഡിക 1-26 കാണുക). പദ്ധതികളുടെ നിർവഹണകാലയളവിൽ വിഭാവനം ചെയ്ത രീതിയിൽ പദ്ധതി ലക്ഷ്യം വരിക്കുന്നതിനായി ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മറ്റികളായി മാറി നടത്തിയിട്ടുള്ളതായി കാണുന്നില്ല. മോണിട്ടറിംഗ് റിപ്പോർട്ടുകൾ പല നിർവഹണ ഉദ്യോഗസ്ഥൻമാർക്കും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി എന്ന പദവിയിൽ ആറു പേർ ആണ് ഉണ്ടായിരുന്നത്. പ്ലാൻ കോഡിനേഷനെ ബാധിക്കുന്നതും സാംഖ്യ വൗച്ചറുകൾ (JV,RV,PV,CV) സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഒറിജിനൽ വൗച്ചറുകളോടൊപ്പം സൂക്ഷിക്കാതിരിക്കുന്നതിനും കാരണം ഇതാണ് എന്നാണ് സ്ഥാപനം വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതും, പഞ്ചായത്ത് ജീവനക്കാരുടെ ജോലി

നിർണ്ണയിച്ചുള്ള ഓഫീസ് ഉത്തരവുകളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതും ആഭ്യന്തരനിയന്ത്രണത്തിന്റെ കരുതലുകളാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.1.2020 | 1.11.2019 – 31.12.2019 | 9.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.4.2018 | 2013-14 മുതൽ 2017-18 വരെ | 12.7.2018 |

# 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203 പ്രകാരം മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ, ഗ്രാമപഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ കണക്കാക്കി ഈടാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ വിശദാംശം സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുമില്ല. പഞ്ചായത്ത് പരിധിയിലെ ആകെ മൊബൈൽടവറുകളുടെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും ഇതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയില്ല. മൊബൈൽടവറുകളുടെ വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നം.01/13.07.2020).

ഗ്രാമപഞ്ചായത്തിലെ മുഴുവൻ മൊബൈൽടവറുകളുടെയും വിശദാംശം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും, വസ്തുനികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-12 വസ്തുനികുതി കണക്കാക്കിയതിലെ അപാകത

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വസ്തുനികുതി കണക്കാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. <u>ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ

പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിച്ചിരിക്കുന്നത്.

<u>ഉദാഹരണം ചുവടെ ചേർക്കുന്നു</u>

| കെട്ടിടം നം | പേര്/ വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40/- രൂപ നിരക്കിൽ നിർണ്ണയിച്ച ആകെ അടിസ്ഥാന വസ്തുനികുതി | ഗ്രാമപഞ്ചായത്ത് 60/- രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|
| 18/576/A | മുഹമ്മദ് നസീർ, എസ്.എൻ.ബിൽഡിംഗ്, അരിക്കടമുക്ക് | താഴത്തെ നില (89.25 ച മീ ) വാണിജ്യം | 7,140/- (3570+3570) | 10,710/- ((89.25+89.25)*60) |
| 18/576/B | | താഴത്തെ നില (89.25 ച മീ ) വാണിജ്യം | | |

2. <u>അടിസ്ഥാന വസ്തുനികുതി കണക്കാക്കിയത് കുറഞ്ഞനിരക്കിൽ</u>

100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് വഴി വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

ഉദാ. സഞ്ചയസോഫ്റ്റ്‌വെയറിൽ 8, 23 എന്നീ വാർഡുകളുടെ വിശദാംശം പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ '100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 40/- രൂപ നിരക്കിലാണ് അടിസ്ഥാനവസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

| കെട്ടിട നം. | പേര് /വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | 60/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 8/233/A | മനോഹരൻ/അമ്പിക, (അമ്മാനിമല, മുക്കംപാലമൂട്) | 221.21 ച മീ | 8848.40 | 13272.60 |
| 8/373/ | സജിത, (ഷാജി ഭവൻ, മുക്കംപാലമൂട്) | 115 ച മീ | 4600.00 | 6900.00 |
| 8/625/A | അനിക്കുട്ടൻ.എ, (കല്ലറത്തലമേലെപുത്തൻവീട്, മുക്കംപാലമൂട്) | 102 ച മീ | 4080.00 | 6120.00 |
| | | | | |

| | | | | |
|---|---|---|---|---|
| 23/719/G | ശ്രീ.സലാഹുദീൻ/താജ്ജുമ, (മരുതറതലവീട്, സജിൻ മൻസിൽ) | 101.25 ച മീ | 4050.00 | 6075.00 |
| 23/801/E | ശ്രീ.സജികുമാർ, (കുട്ടൻപിള്ള ബിൽഡിംഗ്, പ്രാവച്ചമ്പലം) | 120.46 ച മീ | 4818.40 | 7227.60 |

ഇത്തരത്തിൽ മറ്റ് വാർഡുകളിലും അപാകത നിലനിൽക്കുന്നു

വസ്തുനികുതി പുനർനിർണ്ണയിച്ച് അധികമായി വരുന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് അന്വേഷണം നം.13/2020, 16/07/2020ന് മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 ആദ്യപകുതിയിൽ, നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| നം. | പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ശ്രീകുമാരൻ നായർ (പി.എച്ച്.സി, പള്ളിച്ചൽ) | 1,47,798/- | 1,250/- | 1,000/- | 250/- |
| 2 | സ്റ്റെഫിൻ.റ്റി.ഐസക്ക് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ) | 81,000/- | 750/- | 450/- | 300/- |
| 3 | ശിവകുമാർ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ) | 60,000/- | 600/- | 300/- | 300/- |
| 4 | പ്രിയ.എം.പി (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ) | 60,000/- | 600/- | 300/- | 300/- |
| 5 | പ്രിയ.പി.എസ് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & | 54,000/- | 450/- | 300/- | 150/- |

| | | | | | |
|---|---|---|---|---|---|
| | മലയാളം മീഡിയം സ്കൂൾ) | | | | |
| 6 | അശ്വതി ചന്ദ്രൻ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 54,000/- | 450/- | 300/- | 150/- |
| 7 | നീതു.സി.ആർ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 49,800/- | 450/- | 300/- | 150/- |
| 8 | ജ്യോതിബാബു.ജെ.ബി (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 46,800/- | 450/- | 300/- | 150/- |
| 9 | ശാലിനി.എസ് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 42,000/- | 300/- | 180/- | 120/- |
| 10 | റെജി.എ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 48,900/- | 450/- | 300/- | 150/- |
| 11 | അനിജെയ്.കെ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 48,000/- | 450/- | 300/- | 150/- |
| 12 | റ്റിസ മരിയം തോമസ് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 46,200 | 450/- | 300/- | 150/- |
| 13 | ആശ.വി.എസ് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 46,200/- | 450/- | 300/- | 150/- |
| 14 | അഞ്ജു.എ.വൈ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & | 48,300/- | 450/- | 300/- | 150/- |

| | | | | | |
|---|---|---|---|---|---|
| | മലയാളം മീഡിയം സ്കൂൾ | | | | |
| 15 | ലത സുനിൽ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 48,600/- | 450/- | 300/- | 150/- |
| 16 | ഷിംന.പി.കെ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 45,000/- | 450/- | 300/- | 150/- |
| 17 | ഗോപിക.ആർ.എസ് (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 56,850/- | 450/- | 300/- | 150/- |
| 18 | സുനിത. (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 54,000/- | 450/- | 300/- | 150/- |
| 19 | ആതിര റാണി (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 45,000/- | 450/- | 300/- | 150/- |
| 20 | ദിവ്യ.എസ്.പി (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 54,000/- | 450/- | 300/- | 150/- |
| 21 | ആശ.എൻ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 33,000/- | 300/- | 180/- | 120/- |
| 22 | ജയശ്രീ (ടീച്ചർ, ട്രിനിറ്റി ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ | 37,350/- | 300/- | 180/- | 120/- |
| 23 | പ്രസീദ (ഓഫീസ് സ്റ്റാഫ്) | 30,000/- | 300/- | 180/- | 120/- |
| 24 | ഷിബു കുമാർ | 54,000/- | 450/- | 300/- | 150/- |

| | | | | | |
|---|---|---|---|---|---|
| | (ഡ്രൈവർ) | | | | |
| 25 | ശ്രീകണ്ഠൻ നായർ (ഡ്രൈവർ) | 54,000/- | 450/- | 300/- | 150/- |
| 26 | സുരേഷ് ബാബു (ഡ്രൈവർ) | 54,000/- | 450/- | 300/- | 150/- |
| 27 | മഹേഷ് (ഡ്രൈവർ) | 54,000/- | 450/- | 300/- | 150/- |
| 28 | ബിന്ദു കുമാരി (കെയർ ടേക്കർ) | 35,400/- | 300/- | 180/ | 120/- |
| 29 | മഞ്ജു.ബി (കെയർ ടേക്കർ) | 37,800/- | 300/- | 180/- | 120/- |
| 30 | വിജയലക്ഷ്മി (കെയർ ടേക്കർ) | 30,000/- | 300/- | 180/- | 120/- |
| 31 | അശ്വതി ശ്രീദർ (കെയർ ടേക്കർ) | 37,080/- | 300/- | 180/- | 120/- |
| 32 | ഉഷ (കെയർ ടേക്കർ) | 30,000/-- | 300/- | 180/- | 120/- |
| 33 | മേരി സിന്ധ്യ(കെയർ ടേക്കർ) | 30,000/- | 300/- | 180/- | 120/- |
| 34 | ബിന്ദു ബാബു (കെയർ ടേക്കർ) | 34,200/- | 300/- | 180/- | 120/- |
| 35 | അശ്വതി (ക്ലാർക്ക്, വിനോദ് ഗ്യാസ് ഏജൻസീസ്) | 58,500/- | 450/- | 120/- | 330/- |
| 36 | ബീനാകുമാരി (ക്ലാർക്ക്, വിനോദ് ഗ്യാസ് ഏജൻസീസ്) | 58,500/- | 450/- | 120/- | 330/- |
| 37 | ദീപ (ക്ലാർക്ക്, വിനോദ് ഗ്യാസ് ഏജൻസീസ്) | 58,500/- | 450/- | 120/- | 330/- |
| 38 | പൊന്നപ്പൻ (സൂപ്പർവൈസർ, വിനോദ് ഗ്യാസ് ഏജൻസീസ്) | 63,000/- | 600/- | 120/- | 480/- |
| 39 | രാധാകൃഷ്ണൻ (മാനേജർ, വിനോദ് ഗ്യാസ് ഏജൻസീസ്) | 63,000/- | 600/- | 120/- | 480/- |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | | 7,270/- |

2.തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 രണ്ടാം പകുതിയിൽ, നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| നം. | പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ഷെമീന.എസ് (ഡേറ്റ എൻട്രി ഓപ്പറേറ്റർ, പി.എച്ച്.സി) | 60,000/- | 600/- | 120/- | 480/- |
| 2 | ആതിര.ആർ.എച്ച് (ടീച്ചർ, കല്യാൺ കിൻഡർ കോർണർ) | 45,600/- | 450/- | 300/- | 150/- |
| 3 | പ്രവീൺ.കെ.ജി (അറ്റെണ്ടർ, നരുവാമൂട് എസ്.സി.ബി) | 1,29,692/- | 1,250/- | 1,000/- | 250/- |
| | | | | ആകെ | 880/- |

തൊഴിൽ നികുതി ഇനത്തിൽ ആകെ 8,150/- (880+7270) രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2020), നോട്ടീസ് നൽകി കുറവ് വന്ന തുക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക വരവ്- രേഖകൾ ഹാജരാക്കിയില്ല

എ.എഫ്.എസ്-ൽ “RP3- Rental income from Panchayat properties” എന്ന ഹെഡിൽ 31,950/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ (നം.01/16.07/2020) നൽകിയതിന്, ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ (2018-19 സാമ്പത്തിക വർഷത്തിൽ ബി1- സെക്ഷനിലായിരുന്നവ) 2018 ജൂൺ മാസത്തിൽ ഓഫീസ് കെട്ടിടം വെടിവെച്ചാൻകോവിലിൽ നിന്നും മാറ്റിയ സമയം അതാത് സെക്ഷനുകളിലെ ഫയലുകൾ ചാക്കുകെട്ടുകളാക്കി ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരുന്നതായും എന്നാൽ, ഫയലുകൾ അടുക്കുന്നതിനായി ISO യിൽ നിന്നു വന്നവർ എല്ലാ ഫയൽ കെട്ടുകളും മാറ്റിയ സമയം രജിസ്റ്ററിൽ സൂക്ഷിച്ചിരുന്ന 2018-19 അപേക്ഷകൾ നഷ്ടപ്പെട്ടതായും രജിസ്റ്റർ മാത്രമേ തിരികെ കിട്ടിയിട്ടുള്ളൂവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററിലെ വിവരങ്ങൾ അപൂർണമാണ്. അതുകൊണ്ടുതന്നെ വാടക വരവിലെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

രജിസ്റ്ററുകളുടെയും അപേക്ഷകളുടേയും പരിപാലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യതയോടെ ഉറപ്പാക്കേണ്ടതാണ്.

## 1-15 ആംബുലൻസ് വരവ് സംബന്ധിച്ച അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ മെയ്, ജൂൺ എന്നീ മാസങ്ങളിലെ പഞ്ചായത്ത് വക ആംബുലൻസിന്റെ ലോഗ് ബുക്ക്, രസീതുകൾ എന്നിവയിൽ കണ്ടെത്തിയ അപാകതക ചുവടെ ചേർക്കുന്നു

ലോഗ് ബുക്കിൽ യാത്ര രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതുകളിൽ തുക ഈടാക്കിയതായി കാണുന്നില്ല.

| നം. | തീയതി | പേര് | യാത്രാവിവരം | കി.മീ |
|---|---|---|---|---|
| 1 | 06/05/2018 | സന്തോഷ്, നടുക്കാട് | നടുക്കാട്-മെഡിക്കൽ കോളേജ്-പള്ളിച്ചൽ | 45 |
| 2 | 09/05/2018 | അംബിക മെമ്പർ, വെടിവെച്ചാൻകോവിൽ | വെടിവെച്ചാൻകോവിൽ-പെരിങ്ങമ്മല-മെഡിക്കൽ കോളേജ്-വെടിവെച്ചാൻകോവിൽ | 45 |
| 3 | 12/06/2018 | അരുൺകുമാർ, പ്രാവച്ചമ്പലം | പി.എച്ച്.സി-പ്രാവച്ചമ്പലം-ജൂബിലി ആശുപത്രി-ശ്രീചിത്ര മെഡിക്കൽ കോളേജ്-വെടിവെച്ചാൻകോവിൽ | 45 |
| 4 | 26/06/2018 | അയ്യപ്പനാശാരി, പൂങ്കോട് | വെടിവെച്ചാൻകോവിൽ-പൂങ്കോട്- മെഡിക്കൽ കോളേജ്-വെടിവെച്ചാൻകോവിൽ | 45 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനം ആംബുലൻസിൽ നിന്ന് ലഭിക്കുന്ന വരവുകളുടെ കൃത്യത പരിശോധിക്കുവാൻ പഞ്ചായത്ത് ഉദ്യോഗസ്ഥർ തയ്യാറാകേണ്ടതും ലഭിക്കാത്ത തുകകൾക്ക് മേൽ 1998ലെ കേരള പഞ്ചായത്ത്‌രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ) ചട്ടങ്ങൾ പ്രകാരം ഭരണസമിതി തീരുമാനം എടുക്കേണ്ടതുമാണ്.

## 1-16 പഞ്ചായത്ത് വക ലൈബ്രറി പ്രവർത്തനരഹിതം-നടപടികൾ ത്വരിതപ്പെടുത്തണം

1-4-89 ൽ തയ്യാറാക്കിയ പുസ്തക രജിസ്റ്റർ ആണ് ഓഡിറ്റിന് ഹാജരാക്കിയത്. പുസ്തക രജിസ്റ്റർ പ്രകാരം ആകെ 611 പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട്. ഈ പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ 28/04/2007-ന ശേഷം നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2007ന ശേഷം ലൈബ്രറിയുടെ

പുസ്തക സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് യാതൊരു പ്രോജക്റ്റും തയ്യാറാക്കിയിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈബ്രറിയുടെ പ്രവർത്തനത്തിനായി 10620-16460 ശമ്പള സ്കെയിലിൽ പാർട്ട് ടൈം ലൈബ്രേറിയനായി രാധാകൃഷ്ണൻ.എസ്. എന്ന വ്യക്തിയെ നിയമിച്ചിട്ടുണ്ട്. എന്നാൽ, ലൈബ്രറിയുടെ ഉന്നമനത്തിനായി യാതൊരുവിധ നടപടികളും സ്വീകരിക്കുന്നതിന് ഭരണസമിതി മുൻകൈയെടുത്തതായി കാണുന്നില്ല. വായനശീലം പ്രോത്സാഹിപ്പിക്കുന്നതിന് ലൈബ്രറിയുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ടുതന്നെ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ലൈബ്രറി കൗൺസിൽ രജിസ്ട്രേഷൻ നേടി ഗ്രാന്റ് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്.

## 1-17 FATEOS ലൈസൻസ് നൽകുന്നതിൽ അപാകതകൾ

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന FATEOS ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 2018-19 വർഷം ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് സമർപ്പിച്ച രജിസ്റ്ററും, 40% അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ പ്ലാന്റോ ഉപയോഗിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിക്കനുസരിച്ചുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| നം. | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | കൃപ ഫർണിച്ചർ | 5 HP | 50/- | 0 | 50/- |
| 2 | ഗ്രേസ് സർവ്വീസ് സ്റ്റേഷൻ | 10 HP | 100/- | 50/- | 50/- |
| 3 | സി. മുരുകപ്പൻ ആശാരി എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | 25 HP | 300/- | 150/- | 150/- |
| 4 | എം.എൽ ലെയ്ത്ത് വർക്ക് ഷോപ്പ് | 4 HP | 50/- | 25/- | 25/- |
| 5 | പോപ്പുലർ മെഗാ മോട്ടോർസ് | 44 HP | 500/- | 300/- | 200/- |
| 6 | എം.എസ് ഫൈലം സ്വിച്ച് ബോർഡ് വർക്ക് | 1.5 HP | 50/- | 25/- | 25/- |
| 6 | ജിജിൻ ഫ്ളവർമിൽ | 10 HP | 100/- | 50/- | 50/- |
| 7 | വി.എസ്.വി ഫ്ളവർമിൽ | 9 HP | 100/- | 50/- | 50/- |
| 8 | ഉമാമഹേശ്വർ ഹോം | 2 HP | 50/- | 25/- | 25/- |

| | | | | | |
|---|---|---|---|---|---|
| | ഇൻറീരിയേഴ്സ് | | | | |
| 9 | ആറ്റുകാൽ ഇൻഡസ്ട്രീസ് | 2 HP | 50/- | 25/- | 25/- |
| 10 | രാജധാനി എഞ്ചിനീയറിംഗ് കമ്പനി | 12 HP | 200/- | 0 | 200/- |
| 11 | സ്നേഹ എഞ്ചിനീയറിംഗ് വർക്സ് | 1.5 HP | 50/- | 0 | 50/- |
| | | | | ആകെ | 900/- |

2. ലൈവ്സ്റ്റോക്ക് റൂൾസ് അനുസരിച്ച് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്. എന്നാൽ, ജെ.ബി. പൗൾട്രി ഫാം എന്ന സ്ഥാപനത്തിന് ലൈസൻസ് മാത്രമാണ് അനുവദിച്ചിരിക്കുന്നത്. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് മേൽ പറഞ്ഞ സ്ഥാപനം എടുത്തിട്ടില്ല.
3. സ്മയിൽ റെസ്റ്റോറന്റ്, ഹോട്ടൽ അനന്ദാസ്, ശിവശക്തി കാറ്ററിംഗ് സർവ്വീസ് എന്നീ സ്ഥാപനങ്ങൾക്ക് FSSAI സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ചു.
4. പഞ്ചായത്ത് പരിധിയിൽ ഉള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി.എസ്) എ9-764/2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-18 പൂങ്കോട് നീന്തൽകുളം - വരവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പൂങ്കോട് നീന്തൽകുളത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം സ്വിമ്മിംഗ് പൂൾ ഫീസ് വരവായി ഗ്രാമ പഞ്ചായത്തിന് 11,76,400/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ (കളക്ഷൻ രജിസ്റ്റർ പ്രകാരം) വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. നീന്തൽകുളത്തിലേക്കുള്ള വിവിധ ഇനത്തിലെ ഫീസുകൾ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നത് കരാർ ക്ലറിക്കൽ ജീവനക്കാരനാണ്. ടി ജീവനക്കാരൻ അടക്കമുള്ള സ്വിമ്മിംഗ് പൂൾ ജീവനക്കാർ 2018-19 വർഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല എന്നതും ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പൂങ്കോട് നീന്തൽ കുളം- വരവിനായി 3 തരത്തിലുള്ള രസീതുകൾ ഉപയോഗിച്ചിട്ടുണ്ട് (അഡ്മിഷൻ ഫീസ്, മാസവരി ഫീസ്, വൺ അവർ ടിക്കറ്റ്). ഇതിൽ വൺ അവർ ടിക്കറ്റിന് ഉപയോഗിക്കുന്നത് 50/- രൂപയുടെ കൂപ്പണാണ്. എന്നാൽ ഈ രസീതുകളുടെ വിവരങ്ങൾ

സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആരുടെ പേരിലാണ് രസീത് നൽകിയതെന്നോ 2018-19 കാലയളവിൽ എത്ര രസീതുകൾ ഉപയോഗിച്ചിട്ടുണ്ടെന്നോ എത്ര എണ്ണം ഉപയോഗശേഷം തിരികെ പഞ്ചായത്തിൽ എൽപിച്ചുവെന്നോ പരിശോധിക്കാനായിട്ടില്ല.(43/19 നമ്പർ പദ്ധതി പ്രകാരം വാങ്ങിയ 50 രസീതുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.). കൂടാതെ താഴെ പറയുന്ന കാലയളവിലെ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ഇനം | കാലയളവ് |
|---|---|
| പ്രതിമാസ നീന്തൽ പരിശീലന ഫീസ് | 1.4.2018-5.5.2018 |
| അഡ്മിഷൻ ഫീസ് | 1.4.2018-7.7.2018 |
| വൺ അവർ ടിക്കറ്റ് രസീത് | 1.4.2018-10.8.2018 |

നീന്തൽകുളത്തിൽ വരുന്ന വരവുകൾ പൂർണമായും ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

2. ഗ്രാമ പഞ്ചായത്തിന്റെ പേരിൽ തുക പിരിച്ചെടുക്കുന്ന രസീതുകളിൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

3. ഒരു മണിക്കൂർ നീന്തൽ പരിശീലനത്തിനായുള്ള 50/- രൂപ കൂപ്പൺ മുഖാന്തിരം തുക പിരിച്ചെടുത്തതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(എ) കൂപ്പൺ 3317 മുതൽ 3321 വരെയുള്ള കൂപ്പണുകൾ പ്രകാരം 250/- രൂപ പിരിച്ചെടുക്കുന്നതിന് പകരം 500/- രൂപ പിരിച്ചെടുത്തിരിക്കുന്നു. ( 3321 കൂപ്പണിലെ തുക വെട്ടി തിരുത്തി 300/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്).

(ബി) കൂപ്പൺ 3322 മുതൽ 3330 വരെയുള്ള കൂപ്പണുകൾ പ്രകാരം 450/- രൂപ പിരിച്ചെടുക്കുന്നതിന് പകരം 1000/- രൂപ പിരിച്ചെടുത്തിരിക്കുന്നു (3325 കൂപ്പണിലെ തുക വെട്ടി തിരുത്തി 600/- രൂപ എന്നെഴുതിയിരിക്കുന്നു).

നീന്തൽകുളം പരിശീലനം ഇനത്തിലെ വരവ് പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഇല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് ഓഫീസ് പുതിയ സ്ഥലത്തേക്ക് മാറ്റിയതിനാൽ സ്വിമ്മിംഗ് പൂൾ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, രസീതുകൾ എന്നിവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും, നീന്തൽ പരിശീലനത്തിനായുള്ള 50/- രൂപ കൂപ്പൺ ബുക്കിന്റെ കുറവ് കാരണം നാലഞ്ച് പേർക്ക് ഒറ്റ കൂപ്പൺ നൽകേണ്ടിവന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന സ്വിമ്മിംഗ് പൂൾ രസീതുകളുടെ സ്റ്റോക്ക് വിവരം രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത നടപടി അംഗീകരിക്കത്തക്കതല്ല. ഓഡിറ്റിന് ഹാജരാക്കാത്ത രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ ഇനത്തിലെ വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്. രസീതുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും ഉപയോഗ ശേഷം രസീതുകൾ കൃത്യമായി തിരികെ ഏൽപിക്കുന്നുണ്ടെന്നും

അധികൃതർ ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഇടപെടൽ ആവശ്യമാണ്.

## 1-19 തെരുവുനായ ആക്രമണം - നഷ്ടപരിഹാരം യഥാസമയം നൽകിയില്ല- പലിശയിനത്തിൽ 5,872/- രൂപ അധികചെലവ്

തെരുവ് നായ ആക്രമണത്തിനിരയായ വ്യക്തിക്ക് യഥാസമയം നഷ്ടപരിഹാരം നൽകാത്തതിനാൽ പലിശയിനത്തിൽ അധികമായ തുക നൽകേണ്ടി വന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-1ൽ ഉൾപ്പെട്ടിട്ടുണ്ട്.

## 1-20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- വാങ്ങിയ ട്യൂബ് സെറ്റുകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ : എസ്.ഒ.276/19 (സ്പിൽ ഓവർ 172/18)

പേര് : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പദ്ധതി അടങ്കൽ : 4,94,993/-(ധനകാര്യ കമ്മിഷൻ അവാർഡ്)

പദ്ധതി ചെലവ് : 82,250/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് പുതിയ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിനായി 2017-18 ൽ ആവിഷ്കരിച്ച സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം 200 ട്യൂബ് സെറ്റുകൾ 2017-18 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്.

2017-18, 2018-19ലെ പദ്ധതി ഫയൽ പ്രകാരം ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| തുക നൽകിയത് | തുക/ബിൽ നമ്പർ | ട്യൂബ് ലൈറ്റിന്റെ എണ്ണം (ഫയൽ പ്രകാരം ) |
|---|---|---|
| കെ.എസ്.ഇ,ബി, കല്ലിയൂർ | 29988<br>14/30.8.2018 | 47 |
| കെ.എസ്.ഇ.ബി, ബാലരാമപുരം | 52262<br>17/23.7.18 | 82 |
| കെ.എസ്.ഇ.ബി.നേമം | 15015 (2017-18 ൽ നൽകിയത്) | 48 |

ഇതിൽ കെ.എസ്.ഇ.ബി, ബാലരാമപുരം ഡിവിഷനിൽ നിന്നുള്ള എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ തുക നൽകിയ വിവിധ കെ.എസ്.ഇ.ബി. ഡിവിഷനുകളിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ

സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധന പ്രകാരം പദ്ധതി പ്രകാരം വാങ്ങിയ 200 ട്യൂബ്സെറ്റുകൾപ്പെടെ 218 എണ്ണം ട്യൂബ്സെറ്റുകൾ 2018-19 ൽ വിവിധ കെ.എസ്.ഇ.ബി ഡിവിഷനുകൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 41). (സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ വെട്ടിതിരുത്തലുകൾ വരുത്തിയിട്ടുമുണ്ട്. പദ്ധതി ഫയൽ പ്രകാരം 2017-18 ,2018-19 വർഷങ്ങളിലായി 177 ട്യൂബ് സെറ്റ് ഫിറ്റ് ചെയ്യുന്നതിനുള്ള സൂപ്പർവിഷൻ ചാർജാണ് നൽകിയിരിക്കുന്നത്. വാങ്ങിയ ട്യൂബ് ലൈറ്റുകൾ പൂർണമായും വാർഡുകളിൽ വിതരണം ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.4). സ്റ്റോക്ക് രജിസ്റ്റർ പരിപാലനം വിവിധ കെ.എസ്.ഇ.ബി. കളിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവയുടെ അഭാവത്തിൽ എപ്രകാരമാണ് 200 ട്യൂബ് ലൈറ്റുകൾ വിനിയോഗിച്ചതെന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല .

വിവിധ കെ.എസ്.ഇ.ബി. കളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കി, വാങ്ങിയ ട്യൂബ് ലൈറ്റുകളുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

# 1-21 എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങുന്നതിന് മുൻപ് സൂപ്പർവിഷൻ ചാർജ്ജ് നൽകി-

പ്രോജക്റ്റ് നമ്പർ: 42/19 പുതിയ എൽ.ഇ.ഡി സെറ്റ് സ്ഥാപിക്കലും കെ.എസ്.ഇ.ബി യിൽ ഫിറ്റിംഗ് ചാർജ്ജ് അടയ്ക്കലും

പദ്ധതി അടങ്കൽ : 5,96,000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

പദ്ധതി ചെലവ് : 86,503/-

പുതുതായി 322 എൽ.ഇ.ഡി ലൈറ്റ് (@1500/-) വാങ്ങുന്നതിന് 4,83,000/- രൂപയും കെ.എസ്.ഇ.ബി. യിൽ ഫിറ്റിംഗ് ചാർജ്ജ് അടയ്ക്കുന്നതിന് 1,13,000/- രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ ഫയൽ പരിശോധിച്ചത് പ്രകാരം എൽ.ഇ.ഡി ലൈറ്റ് വാങ്ങുന്നതിന് മുൻപ് തന്നെ താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി ക്ക് സൂപ്പർ വിഷൻ ചാർജ്ജ് നൽകിയിട്ടുള്ളതായി കാണുന്നു.

| ബിൽ നമ്പർ | തുക | സ്ഥാപനം |
|---|---|---|
| 52/27.3.19 | 40,421/- | കെ.എസ്.ഇ.ബി ബാലരാമപുരം |
| 52/27.3.19 | 25,229/- | കെ.എസ്.ഇ.ബി.നേമം |
| 51/27.3.19 | 19,553/- | കെ.എസ്.ഇ.ബി, കല്ലിയൂർ |
| 29/21.10.18 | 1,300/- | കെ.എസ്.ഇ.ബി, വിഴിഞ്ഞം |

അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4 ന് മറുപടിയായി എൽ.ഇ.ഡി. ലൈറ്റ് യുണൈറ്റഡ് എജൻസിയിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ലൈറ്റ് വാങ്ങുന്നതിൽ പഞ്ചായത്ത് മെമ്പർമാർ നൽകിയ പരാതി നിലനിൽക്കുന്നതിനാൽ തുക അടവാക്കുന്നതിൽ കാലതാമസം നേരിട്ടതായും 31.1.19ലെ 5(43) നമ്പർ തീരുമാന പ്രകാരം എൽ.ഇ.ഡി സെറ്റുകൾ വിവിധ വാർഡുകളിൽ ഫിറ്റ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങളുടെ ഇൻവോയിസ്, ഫൈനൽ ബിൽ, തുക നൽകാത്തതിന്റെ കാരണം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

കൂടാതെ പദ്ധതിയിൽ ഓരോ വാർഡിലും എവിടെയൊക്കെയാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതെന്ന് വിശദമായി രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻകൂറായി വിവിധ കെ.എസ്.ഇ.ബി. കൾക്ക് നൽകിയ തുകകൾക്ക് ആധാരമായ പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് മതിയായ രേഖകൾ (എൽ.ഇ.ഡി. സെറ്റ് വാങ്ങിയ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, ഇതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ, വിവിധ വാർഡുകളിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യ പത്രം, പ്രവൃത്തിയുടെ ഫൈനൽ ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട്) പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ മുൻകൂറായി നല്കിയ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വ്യക്തമായ ആവശ്യകതാനിർണയത്തോടെയും ആസൂത്രണത്തോടെയും മാത്രം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തലുകൾ പൂർണമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-22 നീന്തൽ പരിശീലനകുളം- തുടർ പരിപാലനം -പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ നടപ്പിലാക്കേണ്ടതാണ്

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലെ പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രത്തിന്റെ തുടർ പരിപാലനത്തിനും ജീവനക്കാർക്ക് വേതനം നൽകുന്നതിനുമായി 2018-19 വർഷം താഴെ പറയുന്ന പദ്ധതികൾ പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവ് |
|---|---|
| 289/19 ജീവനക്കാരുടെ ഓണറേറിയം | 7,86,000/- |
| 43/19 നീന്തൽകുളം തുടർ പരിപാലനം | 3,33,219/- |

നീന്തൽ പരിശീലന കുളത്തിലെ ജീവനക്കാരായ കോച്ച്(പുരുഷൻ, വനിത), സെക്യൂരിറ്റി ഗാർഡ്, പ്ലാന്റ് ഓപ്പറേറ്റർ , ക്ലീനർ(പുരുഷൻ, വനിത), ലൈഫ് ഗാർഡ് (പുരുഷൻ, വനിത),ക്ലാർക്ക് എന്നീ തസ്തികയിലെ 13 ജീവനക്കാർക്കാണ് ഏപ്രിൽ 2018ൽ വേതനം നൽകിയിട്ടുള്ളത്. ഭരണ സമിതിയുടെ 21.4.2015 ലെ 1(6) നമ്പർ തീരുമാനപ്രകാരവും 8.5.15 ലെ 5(6) തീരുമാന പ്രകാരവുമാണ് മേൽ തസ്തികകൾക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്രസ്തുത തീരുമാനപ്രകാരം ആകെ 9 തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ തസ്തികകളുടെ ആവശ്യകത സർക്കാർ തലത്തിലോ സ്പോർട്സ് കൗൺസിൽ തലത്തിലോ അംഗീകരിച്ചിട്ടില്ല. 22.5.18 ലെ 6(13) തീരുമാന പ്രകാരം 13 ജീവനക്കാരുടെയും കരാർ പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും 2018-19 ൽ ഗ്രാമ

പഞ്ചായത്ത് സ്വിമ്മിംഗ് പൂളിലെ കരാർ ജീവനക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല. രേഖപ്പെടുത്തലുകളില്ലാത്ത കരാർ പത്രം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. കൂടാതെ ജീവനക്കാർക്ക് നിശ്ചിത യോഗ്യത ഉണ്ടെന്ന് ഉറപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് വീഴ്ചസംഭവിച്ചിട്ടുണ്ട്.

2015 ലെ കമ്മിറ്റി തീരുമാന പ്രകാരം 9 തസ്തികകളിലായി 13 പേരെ വാക്ക് ഇൻ ഇന്റർവ്യൂ പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം സെക്യൂരിറ്റി ഗാർഡ്, പ്ലാന്റ് ഓപ്പറേറ്റർ, ക്ലീനർ(പുരുഷൻ), ക്ലീനർ(വനിത) എന്നീ തസ്തികകളിൽ രണ്ട് പേരെ സെലക്ട് ചെയ്തുവെങ്കിലും, ഈ തസ്തികകളിലെ ഒന്നാം റാങ്കുകാർ അവധിയെടുക്കുന്ന സാഹചര്യത്തിൽ നീന്തൽകുളം സംരക്ഷിക്കേണ്ടതിനാൽ രണ്ടാം റാങ്കുകാരെ നിയോഗിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ 2018-19 ലെ തീരുമാനത്തിൽ ഇത്തരം നിർദ്ദേശം ഉൾപ്പെടുത്താതെ തന്നെ 13 പേരുടെയും കരാർ പുതുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പ്ലാന്റ് ഓപ്പറേറ്ററായ ശ്രീ.രാജേഷ് എന്ന വ്യക്തിയുടെ അപേക്ഷ പ്രകാരം 18.6.18 ലെ 11(1) തീരുമാനപ്രകാരം ടിയാളെ ഒഴിവാക്കിയിട്ടുണ്ട്. ജൂൺ മാസം മുതൽ ക്ലീനർ വനിത തസ്തികയിലെ ഒരാളെ ഒഴിവാക്കി, 11 പേരെയാണ് നീന്തൽകുളം പരിപാലനത്തിനായി നിയോഗിച്ചത്. നീന്തൽകുളം നടത്തിപ്പിലെ അപാകത സംബന്ധിച്ച് 11.10.18 ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ നീന്തൽകുളം പ്രവർത്തനം പുന: സംഘടിപ്പിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും, ബൈലോ രൂപീകരണത്തിനും, വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ജീവനക്കാരുടെ യോഗ്യത ഉറപ്പാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. 23.11.18 ലെ 4(44) തീരുമാനപ്രകാരം സ്വിമ്മിംഗ് പൂൾ നടത്തിപ്പിന്റെ അന്വേഷണത്തിനായി പഞ്ചായത്ത് തലത്തിൽ സബ് കമ്മിറ്റിയെ രൂപീകരിച്ചു. തുടർന്നുള്ള പരിശോധനയിൽ പ്ലാന്റ് ഓപ്പറേറ്റർ, ലൈഫ് ഗാർഡ് എന്നീ തസ്തികകളിൽ നാളിതുവരെ ജോലി ചെയ്തവർ സ്പോർട്സ് കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയില്ലാതെയാണ് പ്രവർത്തിച്ചതെന്ന് കണ്ടെത്തി. 1.6.19.ലെ 7(33)തീരുമാന പ്രകാരം ടി ജീവനക്കാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ യോഗ്യത നിർണയിക്കുന്നതിൽ കാലതാമസം സംഭവിച്ചതിനാലും സ്റ്റാഫ് പാറ്റേൺ നിർണയിക്കാത്തതിനാലും വേതനം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല. ( ബൈലോ രൂപീകരണം ഉൾപ്പെടെയുള്ള മറ്റ് നിർദ്ദേശങ്ങൾ )

നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 9നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. നീന്തൽകുളം പരിപാലത്തിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. നീന്തൽകുളം തസ്തികകളുടെ ആവശ്യകതാ നിർണയം സ്പോർട്സ് കൗൺസിൽ മുഖാന്തിരം നിർണയിക്കേണ്ടതും, കരാർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശം പാലിച്ച് ജീവനക്കാരെ നിയമിക്കേണ്ടതും കരാർ ജീവനക്കാരുമായി കരാറിലേർപ്പെടേണ്ടതുമാണ് . അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

2018-19 ൽ നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്ത് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രവർത്തിയുടെ | പദ്ധതി അടങ്കൽ | പദ്ധതി | തുക കൈപറ്റിയ |
|---|---|---|---|

| | | | |
|---|---|---|---|
| പേര്/ പ്രോജക്ട് നം | | ചെലവ്// ബിൽ നമ്പർ | സ്ഥാപനം |
| സ്ട്രീറ്റ് ലൈൻ നീട്ടൽ (31/19) | 3300000(ധനകാര്യ കമ്മിഷൻ അവാർഡ്) | 1892460 ( 50/27.3.19, 49/27.3.19) | കെ.എസ്.ഇ.ബി |
| സ്ട്രീറ്റ് ലൈൻ നീട്ടൽ (277/19) (സ്പിൽ ഓവർ) | 119000 (വി.ഫ. ജനറൽ) | 118975 (11/19.6.18) | കെ.എസ്.ഇ.ബി |
| പൈപ്പ് ലൈൻ നീട്ടൽ (270/19) | 437210(ധനകാര്യ കമ്മിഷൻ അവാർഡ്) | 165000 (1/10.6.18) | കേരള വാട്ടർ അതോറിറ്റി |
| | | 2176435 | |

ഓഡിറ്റ് എൻക്വയറി 14 നുള്ള മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം , ഫൈനൽ ബിൽ എന്നിവ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രിക RP 47 loans Advavces Deposits ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം (Balance Sheet B18) 2017-18 പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി,കെ.ഡബ്ല്യ.എ എന്നീ സ്ഥാപനങ്ങളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ നിലനിൽക്കുന്ന തുക തന്നെയാണ് 2018-19 ലും നിലനിൽക്കുന്നത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും ഫൈനൽ ബില്ലിന്റെയും അഭാവത്തിൽ 2018-19 ൽ നൽകിയ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കിയ നടപടി ശരിയല്ല. കൂടാതെ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഫൈനൽ ബിൽ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയുടെ വിവരം തുടർ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതും തുടർ നടപടികൾ നടത്തേണ്ടതുമാണ്. ഈ വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ വിലയിരുത്തൽ ഉണ്ടാകേണ്ടതുണ്ട്. വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവയുടെ അഭാവത്തിൽ 2176435/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 1-24 അംഗൻവാടി ഭൂമി വാങ്ങൽ- ഭൂമിയുടെ പട്ടയം പഞ്ചായത്തിന്റെ പേരിലാക്കിയിട്ടില്ല. നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ വാർഡുകളിൽ അംഗൻവാടികൾക്ക് ഭൂമി വാങ്ങുന്നതിനായി 2018-19 വർഷം രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 5,70,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 271/19(സ്പിൽ ഓവർ) | 810000(വി.ഫ) | 270000 | 2/1.6.18 |
| 279/19(സ്പിൽ ഓവർ) | 1533913(വി.ഫ) | 300000 | 20/21.8.18 |

ഇത് പ്രകാരം രണ്ട് വാർഡുകളിൽ അംഗൻവാടിക്കായി ഭൂമി വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമികളുടെ പട്ടയം നാളിതുവരെ പഞ്ചായത്തിന്റെ പേരിലാക്കുകയോ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14 നുള്ള മറുപടിയായി നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ടാർ പർച്ചെയ്സ്-പഞ്ചായത്തിന് ലഭിക്കേണ്ട വരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ട്രഷറി ടി.എസ്.ബി അക്കൗണ്ട് (450250110) മാർച്ച് 19 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 10.2.2017 ൽ ലഭിച്ച ചെക്ക് നാളിതുവരെ കളക്ഷനായിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 2524022 | 10/03/2017 | 3,04,150/- |

നാളിതുവരെ തുക കളക്ഷനാകാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2 നുള്ള മറുപടിയായി ടി തുക തദ്ദേശ സ്വയം ഭരണ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 2016-17 ൽ ഉപയോഗിച്ച ടാർ പർച്ചെയ്സുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ള തുകയാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല.

തുക നാളിതുവരെ കളക്ഷനാകാത്ത വിവരം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധന നടത്തി തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കരാർ നിയമനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 2018-19ൽ ദിവസവേതനം, കരാർ വേതനം ഇനത്തിൽ 30,17,405/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കരാർ/ദിവസവേതന ജീവനക്കാരുമായി ഗ്രാമപഞ്ചായത്ത് വ്യക്തമായ മാനദണ്ഡങ്ങൾ ചൂണ്ടിക്കാട്ടി കരാറിലേർപ്പെട്ടിട്ടില്ല. (രേഖപ്പെടുത്തലില്ലാത്ത മുദ്രപത്രങ്ങളാണ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 22.5.2018 ലെ 6/13 നമ്പർതീരുമാന പ്രകാരം വിവിധ തസ്തികകളിലെ 58 ജീവനക്കാരുടെ കരാർ 2018-19 ൽ പുതുക്കിയിട്ടുണ്ട്. ഇതിൽ 13 ഹെൽത്ത് വർക്കർ, 14 പാലിയേറ്റീവ് കെയർ വോളണ്ടിയർ,5 ലാബ് ടെക്നീഷ്യൻ, നീന്തൽകുളത്തിലേക്കായുള്ള 13 ജീവനക്കാർ എന്നിവരും ഉൾപ്പെടുന്നുണ്ട്. എന്നാൽ പ്രസ്തുത തസ്തികകളിലെ ചുമതലകളും ഉത്തരവാദിത്തങ്ങളും എപ്രകാരമാണ് നിർണയിച്ചത് എന്ന വിവരം ഓഡിറ്റ് എൻക്വയറി 6 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(പി) നം 28/2016/ഫിൻ തീയതി 28.2.2016 പ്രകാരം ദിവസവേതനാടിസ്ഥാനത്തിലെ തസ്തികകൾ പരമാവധി നിരുത്സാഹപ്പെടുത്തണമെന്നും പി.എസ്.സി മുഖാന്തിരം ഒഴിവുകൾ

നികത്തേണ്ടതാണെന്നും നിർദ്ദേശമുണ്ട്. കൂടാതെ 28.4.17 ലെ ജി.ഒ.(പി) നം 56/2017/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 2 വർഷത്തിലധികമുള്ള കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം നടപടികൾ പാലിച്ചിട്ടുണ്ട് എന്നുറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ പ്രതിവർഷം വലിയ തുകയുടെ ചെലവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വകുപ്പ് തലത്തിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ച് സ്റ്റാഫ് പാറ്റേൺ ഗവൺമെന്റ് അംഗീകാരത്തോടെ നിശ്ചയിക്കുകയും അതിൻപ്രകാരം മാത്രം നിയമനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

# 1-27 കാർഷിക മേഖലയിലെ പദ്ധതികളുടെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ കാർഷിക മേഖലയുടെ ഉന്നമനത്തിനായി 7പദ്ധതികൾ നടപ്പിലാക്കുന്നതിനായി 63,41,676/- വകയിരുത്തി അംഗീകാരം വാങ്ങിയെങ്കിലും 23,19,189/- രൂപയുടെ 5 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 37% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതികളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാനായിട്ടില്ല. ഉദാഹരണമായി, ജലശ്രീ കിണർ റീചാർജിംഗ് (84/19, അടങ്കൽ തുക 20,16,500/-) 250 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതി ആസൂത്രണം ചെയ്തിട്ടും 10 ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചിട്ടുള്ളത്. ഇതേ പദ്ധതിയുടെ ഫയലിൽ ഹാജരാക്കിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റുകളിൽ വാല്യുവേഷൻ നടത്തിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തന്നെയാണ്. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാല്യുവേഷൻ ലഭിയ്ക്കാതെ തുക കൈമാറിയിട്ടുണ്ട്. ആയതിനെ സംബന്ധിച്ച് 15/07/2020 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി 7ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-28 മൃഗസംരക്ഷണമേഖലയിലെ പദ്ധതികളുടെ അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയതും ആസൂത്രണം ചെയ്തതുമായ പദ്ധതികളെ സംബന്ധിച്ചുള്ള അപാകതൾ ചുവടെ ചേർക്കുന്നു.

എ)മൃഗ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടില്ല

1. S0023/19-ആട് വളർത്തൽ വനിത(അടങ്കൽ തുക 20,00,000/- ചെലവ് തുക 9,28,000/-)

2. S0028/19-ആട് വളർത്തൽ എസ്.സി.പി(അടങ്കൽ തുക 7,36,000/- ചെലവ് തുക 4,68,000/-)

3. S0197/19-ആട് വളർത്തൽ വനിത(അടങ്കൽ തുക 26,00,000/- ചെലവ് തുക 50,000/-)സ്പിൽഓവർ.

4. S0025/19-പശു വളർത്തൽ വനിത- (അടങ്കൽ തുക 48,40,000/- ചെലവ് തുക 23,92,500/-)

5. S0026/19- പശു വളർത്തൽ -ജനറൽ(അടങ്കൽ തുക 27,50,000/- ചെലവ് തുക 13,52,493/-)

6.S0196/19- പശു വളർത്തൽ -വനിത(അടങ്കൽ തുക 28,25,000/- ചെലവ് തുക 25,000/-) സ്പിൽഓവർ

7.S0198/19- പശു വളർത്തൽ - എസ്.സി.പി (അടങ്കൽ തുക 10,50,000/- ചെലവ് തുക 1,50,000/-)

മേൽ പദ്ധതികളിൽ വിതരണം ചെയ്ത ആടുകളെയും പശുക്കളെയും സംസ്ഥാനത്തിന്റെ പുറത്ത് നിന്ന് വാങ്ങൽ നടത്തി സംസ്ഥാനത്തിന്റെ /പഞ്ചായത്തിന്റെ ക്ഷീര സമ്പത്ത് ഉയർത്താൻ പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖേന നടത്താൻ ശ്രമിക്കാത്തത് പ്രധാന അപാകതയാണ്. ഗുണഭോക്താക്കൾ പഞ്ചായത്തിനുള്ളിൽ നിന്നു തന്നെ പശുക്കളെയും ആടുകളെയും വാങ്ങിയതിനാൽ പഞ്ചായത്തിന്റെ ക്ഷീര സമ്പത്ത് വർദ്ധിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയും ശ്രമവും ഉണ്ടായിട്ടില്ല. സ്പിൽ ഓവർ പദ്ധതികളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചാണോ പൂർത്തിയാക്കിയതെന്ന് വ്യക്തതയില്ല.

ബി)എ.ബി.സി പ്രോഗ്രാം- വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

S0198/19,എ.ബി.സിപ്രോഗ്രാം(അടങ്കൽ-98,700/-രൂപ
ചെലവ്-98,700/-രൂപ)

ഗ്രാമപഞ്ചായത്തിലെ തെരുവ്നായ പ്രശ്നം പരിഹരിക്കുന്നതിന് ഏ.ബി.സി മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കുടുംബശ്രീ ജില്ലാ മിഷന് ഒരു തെരുവ്നായയെ വന്ധ്യംകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടേയുള്ള ചെലവുകൾക്കായി 2,100/-രൂപ നിരക്കിൽ തുക മുൻകൂറായി കൈമാറാവുന്നതാണ്.
പദ്ധതി പ്രകാരം 98,700/- രൂപ പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നും ലഭിച്ച 98,700/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും, വിശദമായ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ശസ്ത്രക്രിയ നടത്തിയതായോ, ശസ്ത്രക്രിയക്ക് ശേഷം നായകൾക്ക് വേണ്ടത്ര പരിചരണം നൽകിയതായോ, നായകളെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിട്ടിട്ടുള്ളതായോ നിർവ്വഹണ ഉദ്യോഗസ്ഥൻഉറപ്പാക്കിയിട്ടില്ല.പാറശ്ശാല വെറ്റിനറി ഹോസ്പിറ്റലിൽ വച്ചാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തലുണ്ട്. ശസ്ത്രക്രിയ നടത്തിയ ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ, വാക്സിനേഷനുള്ള മരുന്നുകൾ വാങ്ങിയ ബില്ലുകൾ എന്നിവയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നുറപ്പാക്കാനായിട്ടില്ല.
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 9.11.2018 ലെ ആർ.സി.3/422/2017 നമ്പർ ഉത്തരവ് പ്രകാരം തെരുവ് നായകളെ പിടിക്കുന്നതിനായി, വേണ്ടത്ര പരിശീലനം ലഭിച്ചവരെയും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് എടുത്തിട്ടുള്ളവരെയുമാണ് നിയോഗിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം നടപടിക്രമം പാലിച്ചിട്ടുണ്ട് എന്നുറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല.കൂടാതെ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും പദ്ധതി മോണിറ്റർ ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹിച്ചതിനാധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-29 പമ്മം തലയിക്കൽ റോഡ് സംരക്ഷണവും കോൺക്രീറ്റും- ജി.എസ്.ടി.-റ്റി.ഡി.എസ്. ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. - 229/19

അടങ്കൽ തുക - 6,07,200/- [മെയിന്റനൻസ് ഫണ്ട് (റോഡ്)]

ചെലവുതുക - 4,32,429/-

എം-ബുക്ക് - 602/17-18

ബിൽ നം. - 4/28.05.18 & 64/12.11.18

അളവുപുസ്തകത്തിലെ പേജ് 18 ൽ പാർട്ട്ബില്ലും പേജ് 27 ൽ ഫൈനൽബില്ലും രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യമായ 4,32,429/ -രൂപയിൽ പാർട്ട്ബിൽ തുക മാറ്റിയിട്ടുള്ള 1,80,095/- രൂപയാണ് ഫൈനൽബില്ലിൽ കണക്കാക്കിയിട്ടുള്ളത്. ഈ തുകയുടെ 2% മാത്രമാണ് ജി.എസ്.ടി യായി കണക്കാക്കി അടവാക്കിയിട്ടുള്ളത്(23.11.2108 ൽ NEFT ആയി അടവാക്കിയിട്ടുണ്ട്). പാർട്ട്ബില്ലിലെ തുകയ്ക്ക് ആനുപാതികമായ ജി.എസ്.ടി. തുക 5,046/- രൂപ കൂടി കോൺട്രാക്ടറിൽ നിന്നും ഈടാക്കി ജി.എസ്.ടി. നിയമം അനുശാസിക്കും വിധം അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അംഗനവാടി പോഷകാഹാരം- അമൃതം ന്യൂട്രിമിക്സിന്റെ വിലനൽകൽ- ജി.എസ്.ടി. നൽകിയതിൽ അപാകത

പട്ടികജാതി, പൊതുവിഭാഗങ്ങൾക്ക് അംഗനവാടി പോഷകാഹാരം എന്നപേരിലുള്ള വ്യത്യസ്ത പ്രോജക്ടുകളിൽ(SO 10/19& 11/19) പോഷകാഹാരമായ അമൃതം ന്യൂട്രിമിക്സ്, സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ ഇല്ലാത്ത യൂണിറ്റിന് 5% നിരക്കിൽ ജി.എസ്.ടി. നൽകിയിട്ടുണ്ട്. 25.05.2018 ലെ സ.ഉ(സാധാ)നം.1450/2018/ത.സ്വ.ഭ.വ പ്രകാരം ന്യൂട്രിമിക്സിന്റെ വിലയായ 70/- രൂപയ്ക്ക് 5% ജി.എസ്.ടി. നൽകുന്നതിന് അനുവാദം നൽകിയിരിക്കുന്നു. രണ്ട് പ്രോജക്ടുകളിലായി നടത്തിയ വാങ്ങലുകളുടെ വിശദാംശം താഴെ പറയുന്നു.

| സമൃദ്ധിയൂണിറ്റ് ബിൽ നം. & തീയതി | വാങ്ങിയ അളവ് (Kg) | ഈടാക്കിയ GST തുക |
|---|---|---|
| 16/06.04.18 | 1475 | 5,162/- |
| 35/30.05.18 | 1475 | 5,162/- |
| 39/18.07.18 | 1515.5 | 5,304/- |
| 47/31.08.18 | 1515.5 | 5,304/- |
| 53/26.09.18 | 1515.5 | 5,304/- |
| 61/09.11.18 | 1484 | 5,194/- |
| 79/21.01.19 | 1444.5 | 5,054/- |
| 103/22.02.19 | 450 | - |
| 109/22.02.19 | 153 | 534/- |
| 111/26.03.19 | 1406.5 | 4,922/- |
| ആകെ | | 41,940/- |

30.06.2017 ലെ ജി.ഒ(പി) നം. 79/2017/നികുതി എന്ന് ഉത്തരവിലെ കേരള ജി.എസ്.ടി. റൂൾ 49 പ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനം നൽകുന്ന ബില്ലുകൾ GSTIN രേഖപ്പെടുത്തേണ്ടതാണ്. സമൃദ്ധി എന്ന സ്ഥാപനം നൽകിയിട്ടുള്ള ബില്ലുകളിൽ റൂൾ 49 പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഇല്ലാത്തതാണ്. മേൽ അപാകതസൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 5 നുള്ള മറുപടിയിൽ സമൃദ്ധി യൂണിറ്റുമായി ബന്ധപ്പെട്ടിട്ട് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തികവർഷത്തിൽ നൽകിയിട്ടുള്ള റിട്ടേൺ ഫയലുകളിൽ മേൽബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-31 സർക്കാർ സ്കൂളുകൾക്ക് ലാപ്ടോപ്പ് വാങ്ങൽ- പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനിച്ചിട്ടില്ല

പ്രോജക്ട് നം./ പേര് - 193/19(സർക്കാർ സ്കൂളുകൾക്ക് ലാപ്ടോപ്പ് വാങ്ങൽ)

അടങ്കൽ തുക - 6,00,000/- (വികസന ഫണ്ട്)

ചെലവ് - 5,01,300/- (ബിൽ നം. 7/19.03.19)

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പ്രോജക്ട് പ്രകാരം ഒരു ലാപ്ടോപ്പിന് 27,850/- രൂപ നിരക്കിൽ മൂന്ന് ഗവൺമെന്റ് എൽ.പി/യു.പി സ്കൂളുകൾക്ക് 18 ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിലേക്കായി ആവശ്യകതാ നിർണ്ണയം നടത്തുകയോ, പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്യാതെയാണ് പ്രവൃത്തി ടെൻഡർ ചെയ്ത് വാങ്ങൽ നടത്തിയിട്ടുള്ളത്. സ.ഉ(പി) നം.259/2010/തസ്വഭവ തീ.08.11.2010 ഖണ്ഡിക4.2.2 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെയോ സെക്രട്ടറിയുടെയോ മേൽനോട്ടത്തിൽ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും വാങ്ങൽ ഇനങ്ങൾ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും കമ്മിറ്റി രേഖകളുടെ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മൂന്ന് സ്കൂളുകളിലേക്കുമായി വാങ്ങിയ മുഴുവൻ ലാപ്പ്ടോപ്പും വിതരണം ചെയ്തതായി രേഖപ്പെടുത്തിയ കൈപ്പറ്റ് രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ ലാപ്പ്ടോപ്പിന്റേയും ഐ.ഡി. നമ്പർ, സ്പെസിഫിക്കേഷൻ എന്നിവയൊന്നും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3) നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയതെങ്കിലും മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ കമ്മിറ്റി തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതും, സ്റ്റോക്ക് വിതരണരജിസ്റ്ററിൽ ലാപ്ടോപ്പിന്റെ മുഴുവൻ വിശദാംശങ്ങളും എഴുതി സൂക്ഷിക്കേണ്ടതുമാണ്.

# 1-32 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- പ്രോജക്ട് അപാകതകൾ

പ്രോജക്ട് നം. - 94/19(സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം)

അടങ്കൽ തുക - 7,00,000/-

ചെലവ് - 4,69,125/-

നിർവ്വഹണോദ്യോഗസ്ഥ - എച്ച്.എം.

പഞ്ചായത്തിനുകീഴിലുള്ള മൂന്ന് ഗവ.എൽ.പി./യു.പി.സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുകയാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നേരിട്ട് പ്രവൃത്തിയുടെ നിർവ്വഹണം നടത്താനാണ് അംഗീകാരം ലഭിച്ചത്. എന്നാൽ ടെണ്ടർ മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. 25.06.18 ന് നടന്ന ഇ-ടെണ്ടറിൽ രണ്ട് പേർ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.വിഷ്ണുലാൽ എന്ന വ്യക്തിക്ക് 4,65,000/- രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച് നൽകുകയുമുണ്ടായി (രണ്ടാമത് തുക ക്വാട്ട് ചെയ്തത് ശ്രീമതി.ലാലി - 5,55,000/- രൂപ). എന്നാൽ ശ്രീ.വിഷ്ണുലാൽ ടിയാനെ കരാറിൽ നിന്ന് ഒഴിവാക്കി തരണമെന്ന് അപേക്ഷ(02.07.2018-ൽ നൽകിയത്) സമർപ്പിക്കുകയും, ഒറ്റ ടെണ്ടർ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന കാരണത്താൽ റീ-ടെണ്ടർ ചെയ്യുന്നതിന് തീരുമാനിക്കുകയും(09.07.2018 ലെ 1(1) നം. തീരുമാനപ്രകാരം), റീ-ടെണ്ടറിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീമതി.ലാലിക്ക് 6,75,000/- രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച് നൽകുകയുമുണ്ടായി (ടിയാൾ ആദ്യടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ 1,20,000/- രൂപ കൂടുതൽ). കൂടാതെ സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.15 പ്രകാരം ടെണ്ടറിൽ നിന്നും പിൻമാറുന്ന കരാറുകാരന്റെ ഇ.എം.ഡി.തുക കണ്ടുകെട്ടേണ്ടതാണ്. എന്നാൽ ആദ്യം ടെണ്ടറുറപ്പിച്ചശേഷം പിൻമാറിയ ശ്രീ.വിഷ്ണുലാലിന് ഇ.എം.ഡി. തുക തിരികെനൽകിയിട്ടുണ്ട് (09.04.2018 ലെ 9(1) നം. ഭരണസമിതി തീരുമാന പ്രകാരം).

ടെണ്ടറുറപ്പിച്ച വ്യക്തി ടെണ്ടറിൽ നിന്ന് പിൻമാറിയപ്പോൾ രണ്ടാമത് നിരക്ക് വിളിച്ച ശ്രീമതി.ലാലിയുമായി നെഗോസിയേഷൻ നടത്താതെ റീ-ടെണ്ടർ ചെയ്യുകയും, ഇതിൽ കുറവ് രേഖപ്പെടുത്തിയ ശ്രീമതി.ലാലിക്ക് ആദ്യടെണ്ടറിൽ ടിയാൾ രേഖപ്പെടുത്തിയതിനേക്കാൾ കൂടിയ തുകയ്ക്ക് ടെണ്ടറുറപ്പിക്കുകയും ചെയ്തതുവഴി 1,20,000/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥ നേരിട്ട് നിർവ്വഹിക്കുന്നതിനുപകരം മൂന്ന് സ്കൂളുകളിലേക്കുമുള്ള ഭക്ഷണം ഒരു പ്രത്യേകസ്ഥലത്ത് വച്ച് പാകം ചെയ്ത് വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ PTAയുടെ മേൽനോട്ട സാധ്യതയ്ക്ക് വഴിയൊരുങ്ങുന്നില്ല.

പ്രോജക്ട് നടപ്പാക്കിയ സർക്കാർ സ്കൂളുകളിലെ പാചകതൊഴിലാളികളുടെ സേവനം കൂടി ഉൾപ്പെടുത്തി പദ്ധതി നേരിട്ട് നടപ്പാക്കാൻ തുടർവർഷങ്ങളിൽ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച ശേഷം പ്രവൃത്തിയിൽ നിന്നും പിന്മാറിയ ശ്രീ.വിഷ്ണുലാലിന്റെ ഇ.എം.ഡി തുക 15,000/- രൂപ ഈടാക്കേണ്ടതാണ്, അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-33 പകൽവീട്- ഓണറേറിയം അധികനിരക്കിൽ നൽകി

പ്രോജക്ട് നം./ പേര് - 38/19 (പകൽവീട്)

അടങ്കൽ തുക - 6,24,000/- (വികസന ഫണ്ട്)

ചെലവ് - 6,24,000/-

നിർവ്വഹണം - അസി.സെക്രട്ടറി

നാല് പകൽവീട് ജീവനക്കാർക്ക് പ്രതിമാസം 13,000/-രൂപ നിരക്കിൽ 12 മാസത്തേക്ക് ഓണറേറിയം നൽകുന്നതിനും, രാവിലെ മുതൽ വൈകിട്ട് വരെ വൃദ്ധജനങ്ങൾ വരുന്ന പകൽവീട്

ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിനുമാണ് തുക വകയിരുത്തിയത് (ഓണറേറിയം നൽകുന്നതിന് 6,24,000/- രൂപ വികസനഫണ്ടിനത്തിലും, പകൽവീട് ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് 11,20,000/- രൂപ സോഷ്യൽജസ്റ്റിസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ച ഫണ്ടിനത്തിലുമാണ് സായംപ്രഭാ ഫണ്ട് വകയിരുത്തിയത്).

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രതിമാസം 13,000/- രൂപ നിരക്കിൽ നാല് പകൽവീടുകളിലെ നാല് കെയർടേക്കർമാർക്ക് ഓണറേറിയം നൽകുകമാത്രമമാണ് ചെയ്തിട്ടുള്ളത്. നോട്ട് ഫയൽ, കൈപ്പറ്റ് രസീത് എന്നിവ പരിശോധിച്ചതിൽ മുഴുവൻ തുകയും ഓണറേറിയം ഇനത്തിലാണ് ചെലവഴിച്ചിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖ. പ്രകാരം പകൽവീട് കെയർടേക്കർമാർക്ക് നൽകാവുന്ന പരമാവധി ഓണറേറിയം 7,000/- രൂപയാണ്. അധിക നിരക്കിൽ ഓണറേറിയം നൽകിയതിന് വിശദീകരണമാവശ്യപ്പെട്ടതിന്, കെയർടേക്കർമാർക്ക് പ്രതിമാസ ഓണറേറിയം പ്രതിമാസം 13,000/- രൂപയായി ഡി.പി.സി. അംഗീകാരം ലഭിച്ചുവെങ്കിലും 7,000/- രൂപ മാത്രമേ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളുവെന്നും ബാക്കി 6,000/- രൂപ പകൽവീട് ഗുണഭോക്താക്കൾക്കുള്ള ഭക്ഷണയിനത്തിലെ ചെലവാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഭക്ഷണയിനത്തിലെ ചെലവായി ലഭ്യമാക്കിയ വൗച്ചറിൽ ലഘുഭക്ഷണം നൽകിയയിനത്തിൽ 6,000/- ചെലവായതായി കെയർടേക്കർമാർ രേഖപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ചെലവ് വൗച്ചറുകളൊന്നും സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് പ്രകാരം പകൽവീട് ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിനായി സായംപ്രഭാ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ചെലവഴിച്ചിട്ടില്ല. നിലവിൽ പകൽവീടുകളിൽ അടിസ്ഥാന സൗകര്യങ്ങളോ, മാനസികോല്ലാസത്തിനുള്ള സൗകര്യങ്ങളോയില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കും പ്രസ്തുത ഫണ്ട് ഉപയോഗിച്ചിട്ടില്ല. ആകെ ലഭിച്ച ഫണ്ടിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും ICDS സൂപ്പർവൈസർ/CDPO മുഖേന ഫണ്ട് ലഭിച്ചതായി അക്കൗണ്ട്സിലെ രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ലായെന്നും, മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് കണക്കുകളിൽ വ്യക്തതയില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിക്കുകയുണ്ടായി.

സായംപ്രഭാ പദ്ധതിക്കായി ലഭിച്ച മുഴുവൻ ഫണ്ടിന്റേയും വിശദാംശം പരിശോധനാവിധേയമാക്കി റിപ്പോർട്ട് ചെയ്യേണ്ടതും, തുക ഉപയോഗിക്കാത്തപക്ഷം സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

## 1-34 ലൈഫ് ഭവനപദ്ധതി-- രേഖകളുടെ അഭാവത്തിൽ തുക നൽകി.

16-03-2018-ലെ സ.ഉ.(കൈ)നം.34/2018.ത.സ്വ.ഭ.വ(ഡി.ബി)പ്രകാരം പുറപ്പെടുവിച്ച ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിന് ധനസഹായം-മാർഗരേഖ പ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്നവർ ഭവനനിർമ്മാണത്തിനായി സമർപ്പിക്കുന്ന ഭൂമിയുടെ റവന്യൂ രേഖകളായ കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂട്ടുസ്വത്തിലോ മറ്റ് കുടുംബാംഗങ്ങളുടെ പേരിലോ ഉള്ള വസ്തുവിൽ വീട് പണിയുമ്പോൾ 200/- രൂപയുടെ മുദ്രപത്രത്തിൽ ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ സമ്മതപത്രം ഗുണഭോക്താവ് സമർപ്പിക്കേണ്ടതാണ്. ഉടമസ്ഥാവകാശ രേഖയോ കരം അടച്ച രസീതോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരനാണെന്നുള്ള റവന്യൂ അധികാരിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലോ വീട് അനുവദിക്കാവുന്നതാണ്. എന്നാൽ 2018-19 വർഷത്തിൽ ഗുണഭോക്താക്കളായി

തിരഞ്ഞെടുക്കപ്പെട്ട 360-ലധികം അപേക്ഷകളിൽ 50-ലധികം അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതി പ്രകാരം ഭവനങ്ങൾ നിർമ്മിക്കുന്ന ഭൂമി ഗുണഭോക്താക്കളുടെ സ്വന്തമാണെന്ന് തെളിയിക്കുന്ന റവന്യൂരേഖകളോ, സാക്ഷ്യപത്രങ്ങളോ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | അപാകങ്ങളുടെ വിശദവിവരം |
|---|---|---|---|
| 1 | ശശികല | 18 | കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. |
| 2 | മണിയ്യൻ | 18 | ,, |
| 3 | രമേശ്കുമാർ | 18 | കരം രസീത്,പ്ലാൻ എന്നിവ സൂക്ഷിച്ചിട്ടില്ല. |
| 4 | സുനിത | 18 | കരം രസീത്,കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. |
| 5 | ശരണ്യ | 18 | കരം രസീത് ഇല്ല. |
| 6 | സാവിത്രി | 18 | കരം രസീത്,കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.<br><br>കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ മകനായ രാജേഷിന്റെ പേരിൽ. മകന്റെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല, കരാർ പത്രത്തിൽ രാജേഷ് കക്ഷിചേർന്നിട്ടില്ല. |
| 7 | വസന്തകുമാരി | 18 | കരം രസീത് ഇല്ല. |
| 8 | ലീല | 18 | കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ല. |
| 9 | സന്തോഷ് കുമാർ | 18 | കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ല. |
| 10 | സുനിത എസ്.വി. | 2 | കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, പെർമിറ്റ് എന്നിവ സനൽകുമാർ എന്നയാളുടെ പേരിൽ.<br><br>അപേക്ഷകയുടെ 1106058878 നം. റേഷൻകാർഡിൽ സനൽകുമാർ എന്നയാളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.<br><br>ടിയാന്റെ സമ്മതപത്രം ഹാജരാക്കുകയോ, കരാർ പത്രത്തിൽ കക്ഷിയാക്കുകയോ ചെയ്തിട്ടില്ല. |
| 11 | സരസ്വതി | 18 | കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ല. പ്ലാൻ, പെർമിറ്റ് എന്നിവ മകൻ ശ്യാംരാജിന്റെ പേരിൽ. സമ്മതപത്രം ഹാജരാക്കിയിട്ടില്ല. |
| 12 | ജയ | 18 | കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ല.കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ശ്രീകണ്ഠൻ എന്നയാളുടെ പേരിൽ. ഗുണഭോക്താവായ ജയയുടെ റേഷൻ കാർഡിൽ ശ്രീകണ്ഠൻ എന്നയാളുടെ പേര് ഇല്ല. ടിയാന്റെ സമ്മതപത്രമോ, കരാർ പത്രമോ സൂക്ഷിച്ചിട്ടില്ല. |
| 13 | ലത.ജെ. | 2 | സ്വന്തമായി വസ്തുവിന്റെ രേഖ ഇല്ല.<br><br>കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ മകനായ ഷിജുവിന്റെ പേരിൽ. എന്നാൽ കരാറിൽ ഒപ്പ് വയ്പ്പിക്കുകയോ, സമ്മതപത്രം വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| 14 | മോഹനകുമാർ.സി.ഐ. | 12 | കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ല. |
| 15 | ബീന .ബി. | 1 | കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല. പകരം സഹോദരനായ ബിജു എം-ന്റെ കരം രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി. എന്നാൽ സമ്മതപത്രം വാങ്ങുകയോ, കരാറിൽ കക്ഷിചേർക്കുകയോ ചെയ്യതിട്ടില്ല. |
| 16 | സരസ്സമ്മ | 18 | അര സെന്റ് വസ്തുമാത്രം അവകാശം ഉള്ളയാൾക്ക് പെർമിറ്റ്, പ്ലാൻ എന്നിവയില്ലാതെ തുക അനുവദിച്ചു.(റീസർവെ 196/8-1ൽ17977-നം തണ്ടപ്പേർപ്രകാരം .20ച.മീറ്റർ(അര സെന്റ്)). |

2.സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ നിർവഹണ ഉദ്യോഗസ്ഥ റിപ്പോർട്ട് എഴുതി സാക്ഷ്യപ്പെടുത്തിട്ടില്ല.

3.ലൈഫ് ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പ്രകാരം ഗ്യാസ് കണക്ഷൻ, കേന്ദ്ര സർക്കാർ പദ്ധതിയായ സൗഭാഗ്യ യിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

4. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 18/2020, 17/07/2020-ന് മറുപടി നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് നടപടികൾ സ്വീകരിക്കുകയും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-35 ആരോഗ്യമേഖലയിലെ പദ്ധതികൾ--രേഖകൾ പൂർണമായി ഹാജരാക്കിയില്ല-ചെലവ് തുക 2852074/- രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) വിഭാവനം ചെയ്ത 8 പദ്ധതികൾ നടപ്പിലാക്കുവാനും 96% തുക ചെലവഴിക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുണ്ട്. നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയൽ മാനേജ്മെന്റിൽ വലിയ വീഴ്ചയാണ് ഉദ്യോഗസ്ഥന് ഉണ്ടായിട്ടുള്ളത്. ഹാജരാക്കിയ രേഖകളിൽ പദ്ധതികളുടെ രൂപീകരണഫോറം, സബ് വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, ഭരണസമിതി തീരുമാന പകർപ്പുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ചെലവ് സാധൂകരിക്കുന്ന ബില്ലുകളുടെ പകർപ്പുകളും, കൈപ്പറ്റ് രസീതുകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പൂർണമായി രേഖകൾ ഹാജരാക്കാത്ത 7 പദ്ധതികളുടെയും ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം.24 മുഖേന അറിയിച്ചിട്ടുള്ളതാണ്.

| പ്രോജക്ട് നമ്പർ , പേര് | ചെലവ് തുക |
|---|---|
| പാലിയേറ്റീവ് പരിചരണം 52/19 | 8,56,862/- |
| സബ്സെന്ററുകളിൽ ക്ലിനിക്കൽ ലാബ് മെച്ചപ്പെടുത്തൽ(63/19) | 1,75,669/- |
| എക്സ്റേ യൂണിറ്റ് തുടർ പരിപാലനം(64/19) | 1,49,971/- |
| ലഹരി വിരുദ്ധ ഗ്രാമം(81/19) | 1,00,000/- |
| പകർച്ച വ്യാധി തടയുന്നതിന്(82/19) | 99,958/- |
| ഹെൽത്ത് വർക്കർ മാരുടെ സേവനം മെച്ചപ്പെടുത്തൽ(284/19 | 5,30,434/- |
| | |

| | |
|---|---|
| സബ്സെന്റർ, ലാബുകൾ, പാലിയേറ്റീവ് കെയർ ആംബുലൻസ് ജീവനക്കാരുടെ ഓണറേറിയം(285/19) | 9,39,180/- |
| ആകെ | 28,52,074/- |

മേൽ പറഞ്ഞ പദ്ധതി ഫയലുകൾ പൂർണമായി ഓഡിറ്റിന് ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

# 1-36 കുടുംബാരോഗ്യകേന്ദ്രം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ- അപാകതകൾ

പ്രോജക്ട് നം. - 56/19

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

അടങ്കൽ തുക - 4,25,000/-

ചെലവ് തുക - 4,24,874/-

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ഓഡിറ്റ് എൻക്വയറി നമ്പർ – 25/17.07.2020

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ നാല് ബില്ലുകളായിട്ടാണ് ചെലവിട്ടിട്ടുള്ളത്. ബില്ലുകൾക്കുമേലുള്ള വൗച്ചറുകളുടെ പരിശോധനയിൽ അപാകതകൾ കാണുന്നു. അപാകതകളും പരിഹരിക്കേണ്ട രീതിയും താഴെപ്പറയുന്നു.

| അപാകതകൾ | പരിഹരിക്കേണ്ട രീതി |
|---|---|
| മൂന്നു തവണകളായി വകുപ്പിൽനിന്ന് നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 1,09,990/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട് | നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റും, സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുക |
| ഭരണസമിതിയുടെ അനുമതിയില്ലാതെ SIDCO-യിൽ നിന്ന് 60,803/- രൂപ ചെലവിട്ട് റിവോൾവിംഗ് കസേരകളും, ELSA Agencies, Kochi യിൽ നിന്ന് 33,502/- രൂപയുടെ മോഡ്യുലാർ അലമാരയും, Globel Enterprise-ൽ നിന്ന് 12,750/- രൂപയുടെ പ്രിന്ററും വാങ്ങിയിട്ടുണ്ട് | 09.12.04 ലെ GO(MS)330/2004/ത.സ്വ.ഭ.വ എന്ന ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഭരണസമിതി വിലയിരുത്തി തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് |
| Image എന്ന സ്ഥാപനത്തിന് 6,600/- രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ വിശദാംശങ്ങൾ ഇല്ല | ചെലവ് വിശദാംശങ്ങൾ, ആവശ്യകത തുടങ്ങിയ രേഖകൾ ഹാജരാക്കുക |
| ഫാമിലി ഹെൽത്ത് സെന്ററിൽ 11,956/- രൂപ ഇലക്ട്രിഫിക്കേഷനായി ചെലവഴിച്ചിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ | പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ വാല്യുവേഷനും, പ്രവൃത്തി സാധൂകരിക്കുന്ന ഭരണസമിതി തീരുമാനവും ഹാജരാക്കേണ്ടതാണ്. |

| | |
|---|---|
| പ്രവൃത്തിക്ക് പഞ്ചായത്ത് അനുവാദം നൽകിയിട്ടില്ല | |

മേൽപ്പറഞ്ഞ രീതിയിൽ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവുതുക 2,35,601/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. MNERGS പ്രകാരം തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

സാമ്പത്തിക വർഷം – 2018-19

തൊഴിൽ ദിനങ്ങൾ - 151562

തൊഴിൽ ആവശ്യപ്പെട്ട

കുടുംബങ്ങളുടെ എണ്ണം – 3021

തൊഴിൽ ലഭ്യമാക്കിയ

കുടുംബങ്ങളുടെ എണ്ണം – 2625

100 ദിവസം തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം - 474

06/01/2018 ൽ 30/7-ാം നമ്പർ തീരുമാന പ്രകാരം പാസാക്കിയിട്ടുള്ള ലേബർ ബജറ്റും ആക്ഷൻ പ്ലാനും പ്രകാരം 1250 പേർക്ക് 100 ദിവസം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി കുടുംബങ്ങൾ 100 ദിവസം തൊഴിൽ നൽകാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധ നൽകേണ്ടതാണ്. സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിയിൽ 393 വീടുകളുടെ നിർമ്മാണത്തിൽ പങ്കാളിയായതും ഓരോ മാസവും സോഷ്യൽ ഓഡിറ്റ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളതും അഭിനന്ദനാർഹമായ വസ്തുതകളാണ്.

## 1-38 കഴിഞ്ഞവർഷങ്ങളിലെ ഓഡിറ്റ് പരാമർശം- വരുമാനം പഞ്ചായത്ത് അക്കൗണ്ടിലെത്തി

പഞ്ചായത്തിലെ പ്രവൃത്തികളുടെ ഇ-ടെണ്ടർ പ്രക്രിയയിൽ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറവില കഴിഞ്ഞ വർഷങ്ങളിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ എത്തിക്കണമെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ലഭിക്കേണ്ട തുക വിലയിരുത്തുകയും 2020 ജനവരി 14 വരെ ലഭ്യമാകേണ്ട തുകയായ 5,81,390/- രൂപ ജില്ലാപഞ്ചായത്തിൽ നിന്നും പഞ്ചായത്ത്

അക്കൗണ്ടിൽ എത്തിക്കുകയും, തുടർന്നുള്ള ഇ-ടെണ്ടർ സംവിധാനങ്ങൾക്ക് പുതിയ അക്കൗണ്ട് തുറക്കുകയും ചെയ്തിട്ടുണ്ട്.

എൻജിനീയറിംഗ് വിഭാഗത്തിന്റെ ഇടപെടലുകൾ അഭിനന്ദനാർഹമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**2-1 .**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 തെരുവുനായ ആക്രമണം- നഷ്ടപരിഹാരം യഥാസമയം നൽകിയില്ല- പലിശയിനത്തിൽ 5872/- രൂപ അധികചെലവ്

ബഹു.സുപ്രീംകോടതിയുടെ 10.07.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരുവുനായ ആക്രമണത്തിനിരയായ ശ്രീ.ജെ.ഷാജിലാൽ, തിരുവാതിര, നരുവാമൂട് എന്ന വ്യക്തിക്ക് 40,500/-രൂപ നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും (GO(Rt.) No.3551/2017/LSGD dated 3.11.2017), ഇതനുസരിച്ച് തുക നൽകാൻ ഭരണസമിതി തീരുമാമെടുക്കുകയുമുണ്ടായി (06.01.2018 ലെ 31/18 നം. തീരുമാനം). എന്നാൽ സമയബന്ധിതമായി തുക അനുവദിക്കാത്തതിനാൽ ജസ്റ്റിസ്(റിട്ട.)എസ്.സിരിജഗൻ കമ്മിറ്റി സെക്രട്ടറി യുടെ 21.05.2018 ലെ കത്ത് പ്രകാരം 5,872/- രൂപ പലിശയുൾപ്പെടെ നഷ്ടപരിഹാരത്തുക ആക്രമണത്തിനിരയായ വ്യക്തിക്ക് നൽക്കാൻ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് വൗച്ചർ നം.21800292/28.07.2018 (ചെക്ക് നം.474258/18.07.19)പ്രകാരം ടിയാന് തുക (46372/- രൂപ) നൽകിയിട്ടുണ്ട്. ഭരണസമിതി തീരമാനമെടുത്തിട്ടും സമയബന്ധിതമായി തുക കൈമാറാത്തത് അക്കാലയളവിലെ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. പലിശയിനത്തിൽ അധികം നൽകിയ 5,872/- രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | പരിശോധന തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-07-2019 മുതൽ 23-07-2019 വരെ | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1410/19 തീയതി 29.07.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,85,000/- | സ്നേഹ സ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,40,000/- | 45,000/- |
| | | 27,39,000/- | ലൈഫ് ഭവനനിർമാണവും വസ്തുവാങ്ങലും(എസ്.സി) | 27,39,000/- | 0 |
| | | 40,00,000/- | ലൈഫ് ഭവനനിർമാണവും വസ്തുവാങ്ങലും(ജനറൽ) | 3,60,000/- | 36,40,000/- |
| | | 3,60,000/- | ജലശ്രീ (കിണർ റീചാർജ്ജിംഗ്) | 14,530/- | 3,45,470/- |
| | | 80,000/- | ജലശ്രീ (കിണർ റീചാർജ്ജിംഗ്) എസ്.സി.പി. | 0 | 80,000/- |
| | | 2,45,125/- | ബഡ്സ് സ്കൂൾ സ്കോളർഷിപ്പ് | 2,34,000/- | 11,125/- |
| | | 2,00,000/- | ക്ഷീര സബ്സിഡി (ജനറൽ) | 1,36,465/- | 63,535/- |
| | | 2,00,000/- | ക്ഷീരസമൃദ്ധി വനിത | 0 | 2,00,000/- |
| ആകെ | | 81,09,125/- | | 37,23,995/- | 43,85,130/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,85,000/- | സ്നേഹ സ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,40,000/- | 45,000/- |
| | | 5,95,000/- | ഹരിതഭവനം | 5,95,000/- | 0 |
| | | 18,37,887/- | ലൈഫ് ഭവനനിർമാണവും വസ്തുവാങ്ങലും(എസ്.സി) | 16,61,000/- | 15,405/- |
| | | 31,25,715/- | ലൈഫ് ഭവനനിർമാണവും വസ്തുവാങ്ങലും(ജനറൽ) | 0 | 31,25,715/- |
| | | 40,000/- | ക്ഷീരസമൃദ്ധി വനിത | 0 | 40,000/- |
| | | 25,000/- | ക്ഷീരസമൃദ്ധി ജനറൽ | 25,000/- | 0 |
| | | 8,500/- | കേദാരം | 0 | 8,500/- |
| | | 59,17,102/- | | 25,21,000/- | 32,34,620/- |

ജില്ലാ പഞ്ചായത്ത് വിഹിതം എ.എഫ്.എസ്. പ്രകാരം വരവ് 59,08,602/- ഉം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് 81,17,625/- ആണ്. കേദാരം പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 8,500/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയതിനാലാണ് AFSൽ വ്യത്യാസം വന്നത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ (31/19) | 18,92,460/- | 0 | 0 | 18,92,460/- |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ (277/19) | 1,18,975/- | 0 | 0 | 1,18,975/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (270/19) | 1,65,000/- | 0 | 0 | 1,65,000/- |
| ആകെ | | 21,76,435/- | 0 | 0 | 21,76,435/- |

(കുറിപ്പ്: 2018-19 വർഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി. | ജി.ഒ (എം.എസ്) 68/2018/lsgd- 18.5.2018 KURDFC | 76902296 | 76902296 | 0 | 0 | 76902296 |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ. (എം.എസ്) നം. 831/10 തസ്വഭവ തീയതി 11.03.2010 | 24273000 | 7309200 | 0 | 0 | 7309200 |

(കുറിപ്പ്- ഇ.എം.എസ് ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യപത്രികയിലെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമായില്ല | | | | | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 23,63,70,962.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 22,05,80,295.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,872.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 52,64,110/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,872/- | കുമാരി. വിമലാംബികാദേവി.പി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 18,92,460/- | ശ്രീ. സുരേഷ്.കെ.വി, സെക്രട്ടറി |
| | 2,83,975/- | കുമാരി. വിമലാംബികാദേവി.പി, സെക്രട്ടറി |
| 1-35 | 28,52,074/- | ഡോ.ഏവിസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-36 | 2,35,601/- | |
| ആകെ | 52,64,110/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കുമാരി. വിമലാംബികാദേവി.പി, സെക്രട്ടറി | വിരമിച്ചു | നീലാംബരി, ഒറ്റശേഖരമംഗലം.പി.ഒ |

| | | |
|---|---|---|
| ശ്രീ. സുരേഷ്.കെ.വി, സെക്രട്ടറി | സെക്രട്ടറി, പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് | ദിവ്യശ്രീ. ശ്രീറാം നഗർ, നെട്ടയം, തിരുവനന്തപുരം 13 |
| | | |
| ഡോ.ഏവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | തേവരുപറമ്പിൽ, ദർശൻ നഗർ, 5th ലൈൻ, പേരൂർക്കട |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 6 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/2010, 13-12-2011 | 13 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, 17-07-2012 | 9 | |
| 2009-10 | എൽ. എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014 തീയതി 12-5-2014 | 11 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 6 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 26 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ)/2016, 3-8-16 | 17 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1959/2016, 15-11-16 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1780/2017 തീയതി 24.8.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2552/2019 തീയതി 18.2.2019 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

R.14.10.20